ഡോ. കെ. ജി. അടിയോടി : പ്രോജക്ട് അഡ്വൈസറി കമ്മിറ്റി വിളിച്ചിട്ടില്ല. അഡ്വൈസറി കമ്മിറ്റിയിൽ ഒരു തീരുമാനം ഉണ്ടാക്കിയതായി പറയുന്നുണ്ടെങ്കിൽ അത് തെറ്റാണ്. പെരിയാർ വാലിയിൽ തക്കസമയത്ത് ജോലി ചെയ്യാനുള്ള സ്റ്റാഫിനെ അനുവദിച്ചിട്ടുണ്ട്. ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ഓരോ മാസത്തിലും ഉദ്യോഗസ്ഥൻമാരുടെ പരിശോധനയും അതിന്റെയടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. സ്റ്റാഫ് ഇല്ലെന്നുപറയുന്നത് സർവ്വീസ് സംഘടനകൾക്കുവേണ്ടി പൊതുവേ രാഷ്ട്രീയ നേതാക്കൻമാർ നടത്തുന്ന ഒരു പ്രവണതയായി മാറുന്നത് തെറ്റാണെന്നുള്ള അഭിപ്രായമാണ് ഗവൺമെൻറിനുള്ളത്.

ഹോമിയോപ്പതി പരീക്ഷാബോർഡ് പുനഃസംഘടിപ്പിക്കാൻ നിർദ്ദേശം

* 64. [91] ശ്രീ. പി. വി. എസ്. മുസ്തഫാ പൂക്കോയ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1973 ഒക്ടോബറിൽ മൂന്നുവർഷക്കാലത്തേക്ക് രൂപീകരിക്കപ്പെട്ട ഹോമിയോപ്പതി പരീക്ഷാബോർഡ് പുനഃസംഘടിപ്പിക്കാനുദ്ദേശമുണ്ടോ;

(ബി) ഹോമിയോപ്പതി പരീക്ഷാബോർഡ് പുനഃസംഘടിപ്പിക്കുമ്പോൾ, കേരളത്തിലെ മൂന്നു പ്രൈവറ്റ് ഹോമിയോ കോളേജുകളിലെ പ്രിൻസിപ്പൽമാർക്കും അദ്ധ്യാപകർക്കും മുൻതൂക്കം നൽകിക്കൊണ്ടുള്ള ഇന്നത്തെ അപരിഷ്കൃതരീതി മാറ്റി ആയുർവ്വേദ ഡിസ്പ്പൻസറി കോഴ്സിനുള്ള പരീക്ഷാബോർഡിന്റെ മാതൃകയിൽ ഗവൺമെൻറ് ഹോമിയോ കോളേജ് പ്രിൻസിപ്പൽ അദ്ധ്യക്ഷനായുള്ള ഒരു ബോർഡിന് രൂപം നൽകുമോ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ) :

(എ) നിലവിലുള്ള പരീക്ഷാ ബോർഡിന്റെ കാലാവധി അഞ്ചു വർഷത്തേക്കാണ്. ആ കാലാവധി തീർന്നിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. പി. വി. എസ്. മുസ്തഫാ പൂക്കോയ തങ്ങൾ : ഈ ബോർഡിന്റെ കാലാവധി തീരുന്നതോടെങ്കിലും ഇപ്പോഴത്തെ രൂപീകരിച്ച ബോർഡ് മാറ്റി ഗവൺമെൻറ് ഹോമിയോ കോളേജ് പ്രിൻസിപ്പൽ അദ്ധ്യക്ഷനായുള്ള ഒരു ബോർഡ് രൂപീകരിക്കുമോ?

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ : ഈ ചോദ്യത്തിൽ പറയുന്നതുപോലെ സ്വകാര്യ കോളേജിലെ പ്രതിനിധികളാണ് ഭൂരിപക്ഷം എന്ന് പറയുന്നത് ശരിയല്ല. നിലവിലുള്ള എക്സാമിനേഷൻ ബോർഡിൽ സ്വകാര്യ കോളേജിലെ പ്രതിനിധികളായി രണ്ടു പേർ മാത്രമേ ഉള്ളൂ.

പഞ്ചായത്തു മെമ്പറൻമാർക്ക് പെൻഷൻ അനുവദിക്കാൻ നിവേദനങ്ങൾ

* 65. [92] ശ്രീ. പി. ബി. ആർ. പിള്ള :
,, പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു മെമ്പറൻമാർക്ക് പെൻഷൻ അനുവദിക്കണമെന്ന് കാണിച്ച് ഗവൺമെൻറിന് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏത്ര പഞ്ചായത്തുകൾ പെൻഷൻ നൽകണമെന്ന് കാണിച്ച് പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ ഗവൺമെൻറ് എന്ത് നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്;

(ഡി) പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ മെമ്പർമാർക്ക് അവരുടെ സേവനങ്ങളെ പരിഗണിച്ച് പ്രതിമാസ അലവൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) നിലവിലുള്ള പഞ്ചായത്ത് അംഗങ്ങളുടെ കഴിഞ്ഞ ദീർഘകാലത്തെ സർവ്വീസ് പരിഗണിച്ച് ഇന്നുള്ള പഞ്ചായത്തംഗങ്ങൾ സ്ഥാനം ഒഴിയുന്ന സന്ദർഭത്തിൽ അവർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) ഉണ്ട്.

(ബി) 49 പഞ്ചായത്തുകളിൽനിന്നും പ്രമേയങ്ങൾ കിട്ടിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ നടപടികൾ എടുക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

(ഡി) പ്രതിമാസ അലവൻസ് നൽകുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) ഇക്കാര്യത്തിൽ നടപടികൾ എടുക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

ശ്രീ. പി എൻ. ചന്ദ്രസേനൻ : എം. പി. മാർക്കും എം. എൽ. എ. മാർക്കും പെൻഷൻ അനുവദിച്ചിട്ടുണ്ട്. പിന്നെ കൊല്ലക്കാലം തുടർച്ചയായി പഞ്ചായത്ത് മെമ്പർമാരായിരുന്നിട്ടുള്ളവർക്കുകൂടി എന്തെങ്കിലും പെൻഷൻ അനുവദിച്ചുകൊടുക്കേണ്ടതല്ലേ? സാമാന്യമര്യാദയല്ലേ? അതിന് ബഹുമാനപ്പെട്ട ഗവൺമെൻറ് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : എം പി. മാർക്കും എം. എൽ. എ. മാർക്കും തന്നെ ഇപ്പോഴേ പെൻഷൻ അനുവദിച്ചിട്ടുള്ളൂ. പഞ്ചായത്ത് മെമ്പർമാരുടെ കാര്യവും കുറെക്കഴിയുമ്പോൾ ശരിയായിക്കൊള്ളുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. പി. എൻ. ചന്ദ്രസേനൻ : അപ്പോൾ പഞ്ചായത്ത് മെമ്പർമാർക്കും പെൻഷൻ കൊടുക്കുന്ന കാര്യം ഗവൺമെൻറ് അനുഭാവപൂർവ്വം പരിഗണിക്കുകയാണെന്ന് വിശ്വസിക്കാമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : ഇപ്പോൾ പരിഗണിക്കുന്നില്ലെന്നാണ് പറഞ്ഞത്.

കേരളത്തിലെ വനങ്ങൾ

* 66 [93] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ :
,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള :
,, എം. ഐ. മാർക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചന മന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളത്തിലെ വനങ്ങളുടെ ആകെ വിസ്തീർണ്ണമെത്ര; ഐ. പി. പ്രൊട്ടക്ഷൻ, റിസർവ്വ് വനങ്ങൾ ഇവ ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ ഫോറസ്റ്റ് ഡിവിഷനുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly